പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2553 07.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സിയെ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി പരിഹരിക്കുന്നതിനായി ഒരു രക്ഷാപാക്കേജ് തയ്യാറാക്കി വരികയാണെന്ന് പ്രസ്താവിച്ചിരുന്നു. ടി രക്ഷാപാക്കേജ് പരിശോധിച്ചു വരുന്നു.<br>കേരളാ സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ ഒഴിവാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.<br>പെൻഷൻ ബാദ്ധ്യതയുടെ പകുതി അതായത് പ്രതിമാസം 20 കോടി രൂപ സർക്കാർ നല്കി വന്നിരുന്നത്, 27.5 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രകൃതിവാതകം ഉപയോഗിച്ച് സർവ്വീസ് നടത്തുന്നതു സംബന്ധി ച്ചെടുത്ത നടപടികൾ വ്യക്തമാക്കാ മോ; | (ബി) | കെ.എസ്.ആർ.ടി.സി.യിൽ 1000 പുതിയ സി.എൻ.ജി ബസുകൾ നിരത്തിലിറക്കുന്ന തിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കു മെന്ന് ധനമന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. നടപ്പു വർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.<br>കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസിലേക്ക് (CNG) മാറുന്നതിനുള്ള നടപടി കൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ കൊച്ചിയിൽ ഇന്ധനം ലഭ്യമാണ്. എന്നാൽ സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ സംസ്ഥാനത്ത് സ്ഥാപിതമായിട്ടില്ല. M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്. ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി.യുടെ ആസ്ഥാനമായ തേവരയിലും, തിരുവനന്ത പുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും സി.എൻ.ജി. ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധന വിതരണം നടത്തുന്നതി നുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു.<br>സി.എൻ.ജി. ഇന്ധനം ലഭ്യമാക്കുന്ന തോടെ കൊച്ചി നഗരത്തിൽ പ്രാഥമികമായി പ്രസ്തുത ഇന്ധനം ഉപയോഗിച്ച് ഓടിക്കാ വുന്ന 100 കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കുന്നതിനും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട് എന്നീ നഗരങ്ങളിൽ 50 ബസുകൾ വീതം നിരത്തിലിറക്കുന്നതിനും പദ്ധതി തയ്യാറാക്കി യിട്ടുണ്ട്. കൂടാതെ മലിനീകരണം കുറയ്ക്കു ന്നതിന് ബയോ ഡീസൽ ഉപയോഗിച്ച് വാഹനം ഓടിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ആദ്യഘട്ടമായി സർവ്വീസ് ഏതൊക്കെ നഗരങ്ങളിലാണ് നടപ്പിലാക്കുക; കാസർഗോഡ് നഗരത്തെ ഉൾപ്പെടുത്തുമോ; | (സി) | എറണാകുളം കേന്ദ്രമാക്കിയാണ് തുടക്കത്തിൽ സി.എൻ.ജി. ബസുകൾ സർവ്വീസ് ആരംഭിക്കുക.<br>സി.എൻ.ജി ഇന്ധനം ലഭ്യമാകുന്ന മുറയ്ക്ക് തിരുവനന്തപുരം, കണ്ണൂർ, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ കൂടി സർവ്വീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>പിന്നീട്, മറ്റു സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന അവസരത്തിൽ കാസർഗോഡ് നഗരത്തെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | ബാറ്ററികൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഇലക്ട്രിക് ബസുകൾ ഇറക്കുന്നതിന്റെ സാധ്യതാ പഠനം പരിഗണനയിലുണ്ടോ? | (ഡി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ